**കേരള സർക്കാർ**

**സംഗ്രഹം**

ഗവൺമെന്റ് സെക്രട്ടേറിയറ്റ് - വൈദ്യുതിക്കരം, വെള്ളക്കരം എന്നിവ അടയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ - പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (വ്യയം.ബി) വകുപ്പ്

സ.ഉ(പി)നം.131/2013/ധന തിരുവനന്തപുരം, തീയതി;11/03/2013.

പരാമർശം; സ.ഉ(പി)നം.502/2005/ധന തീയതി ; 26/11/2005

**ഉത്തരവ്**

1. പരാമർശിത ഉത്തരവ് പ്രകാരം സിവിൽ സ്റ്റേഷൻ പോലുള്ള ഓഫീസ് സമുച്ചയങ്ങളിൽ വൈദ്യുതിക്കരം / വെള്ളക്കരം എന്നിവ അടയ്ക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ കേരള ഫിനാൻഷ്യൽ കോഡ് വാല്യം I - ആർട്ടിക്കിൾ 119-1(a) -ൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ ആർട്ടിക്കിളിലെ വ്യവസ്ഥകൾ പ്രകാരം സാങ്കേതിക പരിജ്ഞാനമുള്ള ഓഫീസർമാർ (എക്സിക്യൂട്ടീവ് എഞ്ചിനിയർ, പൊതുമരാമത്ത് വകുപ്പ്) കണ്ട് ബോധ്യപ്പെട്ടശേഷം മാത്രമാണ് ബില്ലുകൾ പണം നൽകുന്നതിന് പരിഗണിക്കുന്നത്. എന്നാൽ ഭീമമായ തുക ഈ ഇനങ്ങളിൽ ഒടുക്കുന്ന സെക്രട്ടേറിയറ്റിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവം അധിക ബാദ്ധ്യത വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി.

2. ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും സിവിൽസ്റ്റേഷനുകൾ ഒഴിച്ചുള്ള ഓഫീസ് സമുച്ചയങ്ങളിൽ വൈദ്യുതിക്കരം / വെള്ളക്കരം എന്നിവ അടയ്ക്കുന്നതിന് കേരള ഫിനാൻഷ്യൽ കോഡ് വാല്യം I-ലെ ആർട്ടിക്കിൾ 119-1(a) പ്രകാരം സ്വീകരിച്ചുവരുന്ന അതേ നടപടി ക്രമങ്ങൾ സെക്രട്ടേറിയേറ്റിലും ബാധകമാക്കി ഇതിനാൽ ഉത്തരവാകുന്നു.

3. ഈ ഉത്തരവിന് 01.01.2013 മുതൽ പ്രാബല്യം ഉണ്ട്.

4. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I - ആർട്ടിക്കിൾ 119-(1)(a) ഭേദഗതി ചെയ്ത് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

രാജേഷ്കുമാർ സിൻഹ
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

നോഡൽ ഓഫീസർ, www.finance.kerala.gov.in

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്.

പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ